## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

13.06.12ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 919

### വയനാട് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വി.ശ്രേയാംസ്കുമാർ | ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) വയനാട് ജില്ലയിൽ ടൂറിസം പ്രൊമോഷൻ കൗൺസിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ; | (എ) കബനീതീരം എന്ന പേരിൽ പനമരത്ത് ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്ററിന്റെ നിർമ്മാണം, മീൻമുട്ടി വെള്ളച്ചാട്ടത്തോടനുബന്ധിച്ച് പേ & യൂസ് ടോയ്‌ലറ്റിന്റെ നിർമ്മാണം, കുറുവ ദ്വീപിലേക്കുള്ള തൂക്കു പാലത്തിന്റെ നിർമ്മാണം, പൂക്കോട് തടാകത്തോടനുബന്ധിച്ച ടൂറിസ്റ്റ് കേന്ദ്രത്തിന്റെ വികസനം, പഴശ്ശിരാജ സ്മാരക വികസനത്തിന്റെ ഒന്നാം ഘട്ടം, മുത്തങ്ങ വന്യ ജീവി സങ്കേതത്തിൽ സഫാരി വാഹന സൗകര്യം ഏർപ്പെടുത്തുന്ന പദ്ധതി തുടങ്ങിയ പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. |
| (ബി) ഇതിൽ വനം വകുപ്പിന്റെ അനുമതി ആവശ്യമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (ബി) മീൻമുട്ടി വെള്ളച്ചാട്ടത്തോടനുബന്ധിച്ച് പേ & യൂസ് ടോയ്‌ലറ്റിന്റെ നിർമ്മാണം, കുറുവ ദ്വീപിലേക്കുള്ള തൂക്കു പാലത്തിന്റെ നിർമ്മാണം, മുത്തങ്ങ വന്യ ജീവി സങ്കേതത്തിൽ സഫാരി വാഹന സൗകര്യം ഏർപ്പെടുത്തുന്ന പദ്ധതി എന്നിവയ്ക്ക് വനം വകുപ്പിന്റെ അനുമതി ആവശ്യമാണ്. |
| (സി) പ്രസ്തുത വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) മീൻമുട്ടി വെള്ളച്ചാട്ടത്തോടനുബന്ധിച്ച് പേ & യൂസ് ടോയ്‌ലറ്റിന്റെ നിർമ്മാണം, കുറുവ ദ്വീപിലേക്കുള്ള തൂക്കുപാലത്തിന്റെ നിർമ്മാണം തുടങ്ങിയ പദ്ധതികൾക്കുള്ള വനം വകുപ്പിന്റെ അനുമതിക്കായി സ്റ്റേറ്റ് എൻവയോൺമെന്റ് കമ്മിറ്റിയിൽ അപേക്ഷ നൽകിയിട്ടുണ്ട്. മുത്തങ്ങ വന്യജീവി സങ്കേതത്തിൽ സഫാരി വാഹന സൗകര്യം ഏർപ്പെടുത്തുന്നത് വനം വകുപ്പ് മുഖേന തന്നെ സമർപ്പിച്ച പദ്ധതിയാണ്. |

സെക്ഷൻ ഓഫീസർ